TUESDAY 19.12.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, ചവറ, കുണ്ടറ എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. കേരള കാർഷിക സർവകലാശാല ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട് വച്ച് 2024 ജനുവരി 4 മുതൽ 14 വരെ തീയതികളിൽ 9 മണി മുതൽ 5 മണി വരെ ആർ എ ആർ എസ് ഫാം കാർണിവൽ സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് കൃഷിയിട പ്രദർശനം, മാതൃക തോട്ടങ്ങൾ, സാങ്കേതികവിദ്യ പ്രദർശനം, പുഷ്പ-ഫല പ്രദർശനം, പൈതൃക വിത്ത് മേള', വിത്ത്, നടീൽ വസ്തുക്കൾ, ഉത്പന്ന വിപണന മേള, കർഷകരുടെ ചന്ത, അഗ്രോക്ലിനിക്ക്, ആരോഗ്യക്യാമ്പ്, മൃഗസംരക്ഷണം , കാർഷിക സെമിനാറുകൾ മുതലായവ ഉണ്ടായിരിക്കുന്നതാണ്.

3. വെള്ളാനിക്കര ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്,നാരകം തുടങ്ങിയ ഫല വൃക്ഷ തൈകളും കുരുമുളക്, കവുങ്ങ് തുടങ്ങിയ തൈകളും ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

4. വിളനാശമുണ്ടായാൽ കർഷകനു സഹായമാകുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതികളിൽ ചേരാൻ രജിസ്റ്റർ ചെയ്യാനുള്ള അവസാനതിയ്യതി ഡിസംബർ 31 ആണ്. കാലാവസ്ഥധിഷ്ഠിത പദ്ധതിയിൽ തെങ്ങ്, റബ്ബർ, നെല്ല്, വാഴ, കവുങ്ങ്,

കുരുമുളക്, മഞ്ഞൾ, ജാതി, കൊക്കോ, വെറ്റില, ഏലം, ഗ്രാമ്പൂ, ഇഞ്ചി, മാവ്, പൈനാപ്പിൾ, കശുമാവ്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ (ചേമ്പ്, ചേന, കാച്ചിൽ, ചെറു കിഴങ്ങ്, മധുരക്കിഴങ്ങ്) പയർവർഗ്ഗങ്ങൾ (ഉഴുന്ന്, പയർ, ചെറുപയർ, ഗ്രീൻ പീസ്, സോയാബീൻ) പച്ചക്കറി വിളകൾ (പടവലം, പാവൽ, വള്ളി പയർ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകൾക്കും പരിരക്ഷ ലഭിക്കും. കാലാവസ്ഥാ നിശ്ചിത വിള ഇൻഷുറൻസിൽ ഓരോ വിളക്കും വെവ്വേറെ പ്രതികൂല കാലാവസ്ഥ ഘടകങ്ങളും അതു കൃഷിഭവൻ അല്ലെങ്കിൽ ഇൻഷുറൻസ് കമ്പനിയെ നേരിട്ടോ രേഖാമൂലമോ 1800-425-7064 എന്ന ടോൾ ഫ്രീ നമ്പറിലോ അറിയിക്കേണ്ടതാണ്. സി.എസ്.സി ഡിജിറ്റൽ സേവകേന്ദ്രങ്ങൾ വഴി കർഷകർക്ക് ഓൺലൈൻ ആയി റജിസ്റ്റർ ചെയ്യാം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരാണെങ്കിൽ അവരെ അതതു ബാങ്കുകൾക്കും പദ്ധതിയിൽ ചേർക്കാം. അപേക്ഷ പൂരിപ്പിച്ച ശേഷം നിശ്ചിത പ്രീമിയം തുക, ആധാറിൻ്റെ പകർപ്പ്, നികുതി രസീതിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിൻ്റെ പകർപ്പ്, പാട്ടത്തിനു കൃഷി ചെയ്യുന്നവരാണെങ്കിൽ പാട്ടക്കരാറിന്റെ പകർപ്പ് എന്നിവ കൂടി സമർപ്പിക്കണം.

5. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു മാസം പ്രായമുള്ള കരിങ്കോഴി കുഞ്ഞുങ്ങൾ കുഞ്ഞ് ഒന്നിന് 175 രൂപ നിരക്കിൽ വിൽപനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കാർഷിക സർവ്വകലാശാല ആരംഭിച്ച നൂതന കോഴ്സുകളുടെ ഭാഗമായി ഇ പഠന കേന്ദ്രം " ഹൈടെക് അഗ്രിക്കൾച്ചർ, ഐ ഒ ടി & ഡ്രോൺസ്" എന്ന വിഷയത്തിൽ 6 മാസത്തെ സർടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നു. രാജിസ്ട്രഷൻ ഫീസ് 100 രുപ, കോഴ്സ് ഫീസ് 35000 രൂപ. വിശദ വിവരങ്ങൾക്ക് 8547837256, 0487-2438567 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

7. മൃഗസംരക്ഷണ വകുപ്പ് തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (19/12/23) രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ മുയൽ വളർത്തൽ എന്ന വിഷയത്തിൽ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188522711, 0469-2965535

8. ക്ഷീര വികസന വകുപ്പ് കോട്ടയം ജില്ലാ കാളിറ്റി കൺട്രോൾ വിഭാഗത്തിന്റെയും കാരിക്കോട് ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു പാൽ ഗുണ നിയന്ത്രണ ബോധവൽക്കരണ പരിപാടി ഇന്ന് (19.12.2023) കാരിക്കോട് ക്ഷീരോല്പാദക സഹകരണസംഘം ആപ്കോസ് ഹാളിൽ വച്ച് നടത്തപ്പെടുകയാണ്. ശുദ്ധമായ പാൽ ഉല്പാദനം കർഷകർ അറിയേണ്ടത്, ശാസ്ത്രീയ പശുപരിപാലനം, ക്ഷീരഗ്രാമം പദ്ധതിയും മറ്റ് ആനുകൂല്യങ്ങളും എന്നീ വിഷയങ്ങളിൽ ക്ഷീര വികസന വകുപ്പിലെ സാങ്കേതിക വിദഗ്ധർ ക്ലാസുകൾ നയിക്കുന്നതാണ്. ഈ പരിപാടിയിലൂടെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നു.

9. കർഷകരുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ മാധ്യമങ്ങൾ വഴി വിപണനം ചെയ്യാൻ സഹായിക്കുന്ന പരിശീലന പരിപാടി ഡിജിറ്റൽ മാർക്കറ്റിംഗ് പരിശീലനം കാർഷിക കോളേജ് പടന്നകാടിൽ ഡിസംബർ 20, 21 തീയതികളിൽ സംഘടിപ്പിക്കുന്നു. ഡിജിറ്റൽ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ മാർക്കറ്റിംഗ്, വെബ്സൈറ്റ് നിർമ്മാണം, ഈ കണ്ടന്റ് നിർമാണവും പരസ്യവും എന്നീ വിഷയങ്ങളിലാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് 7306481338, 6282110691 എന്നീ ഫോൺ് നമ്പറുകളിൽ ബന്ധപ്പെടുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. കോഴിക്കോട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് ഡിസംബർ മാസം ഇന്ന് (19.12.2023) തെങ്ങിന്റെ കീടരോഗ നിയന്ത്രണം 20 ന് വാഴയിൽ നിന്നുള്ള കരകൗശല ഉൽപ്പന്നങ്ങൾ, 28 ന് വേനൽക്കാല പച്ചക്കറി കൃഷി എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0496 296604ഝ1എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

11. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഡിസംബർ 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം